# ഇന്നത്തെ വിദ്യാഭ്യാസം ഇൻഡ്യയെ രക്ഷിക്കുമോ ?

**ഡോ: കെ. ഭാസ്കരൻനായർ**

[മുപ്പതു വർഷം കഴിഞ്ഞിട്ടും ഇൻഡ്യയിലെ മൂക ലക്ഷങ്ങൾക്ക് മുക്തി ലഭിച്ചില്ല. അവരുടെ വേദനകൾ സ്വന്തം വേദനയാക്കിയ, 'പരസുഖമേ സുഖമെനിക്കു നിയതം' എന്ന സത്യം അനുഭൂതിയിൽ സാക്ഷാല്ക്കരിച്ച ഒരു മനുഷ്യനും പുരോഗതിയുടേതെന്നു പറയുന്ന ഈ കാലഘട്ടത്തിൽ ഇൻഡ്യയിലുണ്ടായില്ല..............ഭാരതീയ ജീവിതത്തിന് ആദർശപരവും സാംസ്ക്കാരികവുമായ ഒരു സമൂലപരിവർത്തനമുണ്ടായെങ്കിലേ നമ്മുടെ വിദ്യാഭ്യാസം വ്യർത്ഥവും വ്യയഹേതുകവുമായ ഒരു ഔദ്യോഗിക യത്നമാവാതിരിക്കൂ..........]

"വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ത് ?" എന്നു ചോദിച്ചപ്പോൾ ലോകപ്രസിദ്ധനായ ഒരു വിദ്യാഭ്യാസ വിദഗ്ദ്ധൻ വളരെനേരം ആലോചിച്ചതിനു ശേഷം ഇങ്ങനെ ഉത്തരം പറഞ്ഞു എന്നു കേട്ടിട്ടുണ്ട്. "ജീവിതത്തിന്റെ ലക്ഷ്യം എന്തോ അതു തന്നെയാണ് വിദ്യാഭ്യാസത്തിന്റെയും ലക്ഷ്യം."

ചോദിച്ചതിന് ഉത്തരം നൽകിയില്ലെങ്കിലും, അദ്ദേഹം പറഞ്ഞത് ശരിയല്ലെ ? ഓരോരോ ജനസമുദായങ്ങളിൽ ഓരോരോ കാലത്ത് ബാലികാബാലൻമാർക്ക് പരിശീലനം നൽകുന്നത് അതതു കാലത്ത് നിലവിലിരിക്കുന്ന ജീവിതലക്ഷ്യങ്ങൾ സാധിക്കുന്നതിനു വേണ്ടിയാണെന്നുള്ളത് പ്രത്യക്ഷമായ വസ്തുതയാണ്. അറിഞ്ഞും അറിയാതെയും, സംഘടിതമായും അല്ലാതെയും ഈ പരിശീലനം എന്നും എവിടെയും നടന്നിട്ടുണ്ട് ; നടക്കുന്നുമുണ്ട്. ഭിക്ഷയെടുത്തും എച്ചിലു തിന്നും അടിപിടി കൂടിയും തെരുവിൽ കഴിയുന്ന ഭാഗ്യഹീനനായ ബാലനും വഴിയാധാരമായ ജീവിതത്തിനു വേണ്ട പരിശീലനം നേടുകയാണ്. തമിഴ്നാട്ടിലെ ചില ഗ്രാമങ്ങളിൽ കുട്ടികൾക്ക് മോഷണവിദ്യയിൽ ദീർഘമായ പരിശീലനം നൽകാറുള്ളതായി കേട്ടിട്ടുണ്ട്. മോഷണമാണത്രെ അവിടെയുള്ളവരുടെ എല്ലാം ഉപജീവനമാർഗ്ഗം. ആദിവാസികളുടെയും

Digitized by Kerala Sahitya Akademi

വനചരവർഗ്ഗങ്ങളുടെയും ജീവിതം സഫലമാക്കുന്നതിന് അക്ഷരവിദ്യയും പുസ്തകജ്ഞാനവും അങ്കഗണിതംപോലും ആവശ്യമില്ല. അവർക്ക് ഉന്നം പിഴയ്ക്കാതെ അമ്പെയ്യുന്നതിനും കാട്ടിടകളിൽ കേൾക്കുന്ന ചെറിയ ശബ്ദങ്ങൾ പോലും തിരിച്ചറിയുന്നതിനും വന്യമൃഗങ്ങളുടെ വഴിത്താരകൾ മനസ്സിലാക്കുന്നതിനും ഉള്ള ശിക്ഷണമാണ് ആവശ്യം. അവരുടെ കുട്ടികളെ യൂണിഫാറം അണിയിച്ച് സ്കൂളിൽ ചേർത്ത് ഭാഷയും കണക്കും ഭൂമിശാസ്ത്രവും പഠിപ്പിച്ചശേഷം വീണ്ടും കാട്ടിൽ പോയി ജീവിച്ചുകൊള്ളുവാൻ പറഞ്ഞയയ്ക്കുന്നത്, ജീവകാരുണ്യമെന്നും പരിഷ്ക്കരണ പരിപാടിയെന്നും ഘോഷിക്കാറുണ്ടെങ്കിലും, പരമാർത്ഥത്തിൽ മഹാപാപമാണ്. ഇത്തരം വിദ്യാഭ്യാസത്തിന് ''പരപ്പ് ഇൻഡസ്ട്രി'', അഥവാ കടലാസ് വ്യവസായം, കൊണ്ട് പുലരുന്ന സമുദായത്തിൽ മാത്രമേ പ്രസക്തിയുള്ളു. ഒരു ബൂമറാങ് എറിയുവാനോ, സഞ്ചിമൃഗത്തെ വേട്ടയാടുവാനോ അറിഞ്ഞുകൂടാത്ത താൻ ആസ്ത്രേലിയയിലെ ആദിവാസികളുടെ ഇടയ്ക്ക് അകപ്പെട്ടുപോയാൽ വകയ്ക്കുകൊള്ളാത്ത മരമണ്ടൂസായി ഗണിക്കപ്പെടുമെന്ന് മഹാശാസ്ത്രജ്ഞനായ ഐൻസ്റ്റൈൻ ഒരിക്കൽ പറയുകയുണ്ടായി.

## പാശ്ചാത്യാനുകരണം

ഇത് ആർക്കും മനസ്സിലാകുന്ന അടിസ്ഥാന സത്യമാണെങ്കിലും, കഴിഞ്ഞ പത്തിരുനൂറു വർഷമായി ലോകമാകെയുള്ള വിദ്യാഭ്യാസവിദഗ്ദ്ധൻമാർ അതു കാണുവാനുള്ള ധൈര്യം കാണിച്ചില്ല. ഒരു വിഷയത്തിലും പാണ്ഡിത്യമോ വൈദഗ്ദ്ധ്യമോ അവകാശപ്പെട്ടിട്ടില്ലാത്ത ഗാന്ധിജിക്കു മാത്രമേ ആ ധൈര്യം ഉണ്ടായിട്ടുള്ളു. ചരിത്രത്തിന്റെ ഗതിവിഗതികളുടെ ഫലമായി ആധുനികകാലത്ത് തങ്ങൾക്ക് ലഭിച്ച ലോകമേധാവിത്വം ആചന്ദ്രതാരം നിലനിൽക്കുമെന്നും നിലനിർത്തണമെന്നും വ്യാമോഹിച്ച് യൂറോപ്പും അമേരിക്കയും രൂപവൽക്കരിച്ച വിദ്യാഭ്യാസ സമ്പ്രദായത്തെ സമസ്തലോകവും അംഗീകരിച്ചതിന്റെ അർത്ഥശൂന്യത ആ മഹാപുരുഷൻ മനസ്സിലാക്കി. അതിന്റെ ആപത്തിൽനിന്ന് തന്റെ രാജ്യക്കാരെയെങ്കിലും രക്ഷിക്കുവാൻ അദ്ദേഹം മരണംവരെ പരിശ്രമിക്കുകയും ചെയ്തു. പക്ഷേ, സൂര്യനസ്തമിക്കാത്ത ഒരു സാമ്രാജ്യത്തെ കൊമ്പുകുത്തിച്ച അദ്ദേഹത്തിനുപോലും ആധുനിക വിദ്യാഭ്യാസത്തിൽ അന്തർലീനമായ ദുർമോഹങ്ങളേയും സ്ഥാപിതതാൽപ്പര്യങ്ങളേയും പരാജയപ്പെടുത്തുവാൻ കഴിഞ്ഞില്ല. അദ്ദേഹം ഭുവനരംഗത്തുനിന്ന് തിരോഭവിച്ചപ്പോൾ ധീരമായ ആ വിദ്യാഭ്യാസപരിപാടിയും തിരസ്കൃതമായി. ഒരു പക്ഷേ, അതുമാത്രം ആലോചിച്ചു ഖേദിക്കുന്നത് കഥയില്ലായ്മയായിരിക്കാം. അദ്ദേഹത്തിന്റെ ആദർശങ്ങളെയും ഉപദേശങ്ങളെയും ഒന്നാകെ ഉപേക്ഷിക്കുകയാണല്ലോ ഈ രാജ്യം ചെയ്തത് ! തൽഫലമായി അദ്ദേഹത്തിന്റെ ആത്മാവ് അത്യധികം വേദനിച്ചിരിക്കാമെങ്കിലും, ഇന്ത്യ ഇന്നനുഭവിക്കുന്ന മഹാസങ്കടമാണ് കൂടുതൽ ദുസ്സഹം. അതിബൃഹത്തായ നമ്മുടെ ജനസഞ്ചയം ഇന്നിതാ തികച്ചും അനാഥമായി തീർന്നിരിക്കുന്നു. ഗാന്ധിജി പറഞ്ഞതെല്ലാം മറന്ന് വിശ്വവിഖ്യാതരായ വിദഗ്ദ്ധൻമാർ സംഘടിപ്പിച്ച ഇൻഡ്യയിലെ വിദ്യാഭ്യാസം വൻപിച്ച തോതിൽ വികസിച്ചു. 1977-ൽ 63 കോടിയായി വർദ്ധിച്ചിരിക്കുന്ന ഭാരതീയരിൽ പത്തുകോടിയും വിദ്യാർത്ഥികളാണെന്നാണ് ഔദ്യോഗികമായ കണക്ക്. ''അഭിമാനകരം'' ''അഭിമാനകരം'' എന്നേ ഇതു കേൾക്കുമ്പോൾ എല്ലാവരും ഉൽഘോഷിക്കുകയുള്ളു. പക്ഷേ ഈ പത്തുകോടിയിൽ എത്ര പേർക്ക് പിൽക്കാലത്ത്, തങ്ങൾക്ക് ബാല്യത്തിൽ ലഭിച്ച വിദ്യാഭ്യാസത്തെപ്പററി അഭിമാനിക്കാൻ കഴിയുമെന്ന് ആലോചിക്കണം. ആരെങ്കിലും അങ്ങനെ ചോദിക്കുകയാണെങ്കിൽ അതിനും വിദ്യാഭ്യാസവിദഗ്ദ്ധൻമാർക്ക് ഉനെടിയുള്ള

Digitized by Kerala Sahitya Akademi

ഉത്തരമുണ്ട്. ''അതെല്ലാം ഓരോരുത്തരുടേയും മിടുക്കും പരിശ്രമവും ഭാഗ്യവും പോലെയിരിക്കും. അക്കാര്യം നോക്കേണ്ടത് ഞങ്ങളുടെ ചുമതലയല്ല. സാർവ്വലൗകിക നിലവാരത്തിൽ പരിശോധിക്കുമ്പോൾ ഇൻഡ്യയിലെ വിദ്യാഭ്യാസ പദ്ധതിക്ക് കുറവുകളുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കുക; സമാധാനം പറയാം.''

## ന്യൂനപക്ഷത്തിനുവേണ്ടി

ഈ ''സാർവ്വലൗകിക'' വാദമാണ് നമ്മെ നശിപ്പിച്ചത്. അതിൻെറ അടിസ്ഥാനത്തിൽ സ്വന്തം ജീവിതത്തെ സംവിധാനം ചെയ്യുന്നവർക്കുവേണ്ടിയാണോ ഈ നിർദ്ധനരാജ്യം നിലനില്ക്കുന്നത് എന്നു ചോദിക്കുവാൻ തോന്നിപ്പോകുന്നു. ''ഉദ്യോഗത്തിൽ പ്രവേശിച്ച് സുഖമായി'' ജീവിക്കുവാൻ മാത്രം ഉതകുന്ന പരിശീലനമാണ് ഈ വിദ്യാഭ്യാസം. തുച്ഛമായ ഒരു ന്യൂനപക്ഷത്തിനുമാത്രമേ ഏതു രാജ്യത്തും ഈ സൗഭാഗ്യം ലഭിക്കുകയുള്ളു. അപ്പോൾ, ശരിയായ ജനാധിപത്യ മര്യാദയിൽ, കലർപ്പില്ലാത്ത സോഷ്യലിസ്ററ് ആദർശത്തിൽ, വാദിച്ചാൽ ബാക്കിയുള്ളവരുടെ വിദ്യാഭ്യാസം വ്യർത്ഥമാണ്. അതിനുവേണ്ടി ഉള്ളവനിലും ഇല്ലാത്തവനിലും നിന്ന് നികുതി പിരിച്ചുണ്ടാക്കുന്ന പൊതുമുതൽ ചെലവാക്കുന്നത് അനീതിയുമാണ്. ഇതാണ് ഇന്നത്തെ വിദ്യാഭ്യാസത്തിൻെറ പച്ചയായ പരമാർത്ഥമെങ്കിലും, അതിൻെറ ലക്ഷ്യമായി പറയുന്നത് മററു ചില കാര്യങ്ങളാണ്. കണ്ണു തെളിയുമെന്നും അറിവുണ്ടാകുമെന്നും മനസ്സ് വികസിക്കുമെന്നും പുസ്തകം വായിക്കാൻ കഴിയുമെന്നും മററും. ഇവ കാമ്യമായ ലക്ഷ്യങ്ങളാണെന്ന് എല്ലാവരും സമ്മതിക്കും. പക്ഷേ ഇന്നത്തെ വാണിജ്യ പരിഷ്ക്കാരത്തിൽ ഈ നല്ല കാര്യങ്ങളെക്കുറിച്ചു പോലും പിൻകിട രാജ്യങ്ങളിലെ ജനസഞ്ചയം സംശയാലുക്കളാവുകയല്ലേ എന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. പുസ്തകംകെട്ടും പൊതിച്ചോറും ചുമന്നുകൊണ്ട് പത്തുവർഷം പള്ളിക്കൂടത്തിൽപോയാലും മാതൃഭാഷയിലെ അക്ഷരങ്ങൾപോലും നിശ്ചയം വരാത്ത സ്ഥിതിവിശേഷത്തിൽ എന്തു മനോവികാസം ? എന്തു വിജ്ഞാനസമ്പാദനം ? എന്തു പുസ്തകപാരായണം ? സത്യത്തിൽ ഈ ലക്ഷ്യങ്ങളും ഒരു ന്യൂനപക്ഷത്തിനുമാത്രമേ സാക്ഷാൽക്കരിക്കുവാൻ സാധിക്കുകയുള്ളു.

## എണ്ണത്തിലേറെ

ഇതെല്ലാം മനുഷ്യയത്നത്തിൽ അനിവാര്യമായ പരിമിതികളാണെന്നും, അതിൻെറ ഫലത്തിലുണ്ടാകുന്ന ഇത്തരം വ്യത്യാസങ്ങളും ജയാപജയങ്ങളും സഹിക്കുകയേ നിവൃത്തിയുള്ളു എന്നും സമാധാനം പറഞ്ഞാൽ പണ്ടൊക്കെ ജനങ്ങൾ സമ്മതിക്കുമായിരുന്നു. ഒരു വലിയ അളവോളം സഹിക്കുകയും ചെയ്യുമായിരുന്നു. വള്ളം മറിഞ്ഞ് മുങ്ങിച്ചാകാൻ തുടങ്ങുമ്പോൾപോലും ''കൂടെക്കുടിക്കാതെ കലക്കിക്കുടിക്കാൻ'' നിർബന്ധിക്കുന്ന സ്ഥിതിവിശേഷവും നമ്മുടെ ചരിത്രത്തിൽ ഉണ്ടായിരുന്നുവല്ലൊ. വെള്ളക്കാരനെ വെറുതെ വിടുന്ന കുററത്തിന് കറുത്ത തൊലിയുള്ളവനെ ജീവനോടെ ദഹിപ്പിച്ച സമുദായങ്ങളും അറിയപ്പെട്ടിട്ടുണ്ട്. പക്ഷേ അക്കാലങ്ങളെല്ലാം കഴിഞ്ഞു. ഇന്നിപ്പോൾ ഇപ്പറഞ്ഞ സമാധാനംകേട്ട് അടങ്ങിയിരിക്കുവാൻ ആരും തയ്യാറില്ല. ''അവന് കൊടുക്കുന്നത് എനിക്കും കിട്ടണം'' എന്ന വാശിയാണ് ഏതു കാര്യത്തിലും കാണുന്നത്. ഇത് പിൻകിട രാജ്യങ്ങളിലെങ്കിലും വിദ്യാഭ്യാസത്തെയും ബാധിക്കുമെന്നുള്ളത് തീർച്ചയാണ്. ഭാരിച്ച ചെലവുള്ളതായിത്തീർന്നിരിക്കുന്ന ഈ പൊതുവിദ്യാഭ്യാസയത്നം ഒരു പരിധിക്കപ്പുറം വ്യാപിപ്പിക്കുവാൻ സമൂഹത്തിന് (അതായത് ഗവൺമെൻറുകൾക്ക്) സാദ്ധ്യമല്ലാതെ വരും. ഇൻഡ്യ ആ നിലയിൽ

Digitized by Kerala Sahitya Akademi

എത്തിക്കഴിഞ്ഞിരിക്കുകയല്ലേ എന്നു സംശയം തോന്നുന്നു. ഇപ്പോഴുള്ള 63 കോടിയിൽ 40 കോടിയും നിരക്ഷരരാണ്. പ്രായമായവരെ വിഗണിച്ച് പതിനഞ്ചു വയസ്സിൽ താഴെയുള്ളവരുടെ കാര്യം മാത്രം നോക്കിയാലും ഒരു രക്ഷാമാർഗ്ഗവും കാണാനില്ല. ഇവരുടെ എണ്ണം 27 കോടിയാണ്. ഇത്രയും ഇളം പ്രായക്കാർക്ക് ഇന്നത്തെ രീതിയിലുള്ള വിദ്യാഭ്യാസം നൽകുവാൻ സ്കൂളെവിടെ ? അദ്ധ്യാപകരെവിടെ ? പുസ്തകമെവിടെ ? നിർഭാഗ്യകരമായ ഈ സ്ഥിതിവിശേഷം അടിക്കടി വഷളാവുകയാണ്. വർഷംതോറും 150 ലക്ഷം എന്ന കണക്കിലാണ് നമ്മുടെ ജനസംഖ്യ വർദ്ധിക്കുന്നത്. ഏകദേശം കേരളത്തിലെ ജനങ്ങളുടെ എണ്ണത്തിൻെറ മുക്കാൽ പങ്കുവീതം!

## വിസ്മരിക്കപ്പെട്ട മഹാത്മാ

ഇത് സത്യത്തിൽ, ഇവിടുത്തെ ജീവിതത്തിൻെറ പ്രശ്നം തന്നെയാണ്. ഈ അർത്ഥത്തിൽ, ലേഖനാരംഭത്തിൽ ഉദ്ധരിച്ച വിദഗ്ദ്ധൻെറ നിർവചനം നമ്മുടെ രാജ്യത്ത് ഏററവും പ്രസക്തമായിത്തീർന്നിരിക്കുകയാണെന്നു പറയാം. നാം സ്വീകരിച്ചുകഴിഞ്ഞ ജനാധിപത്യ വ്യവസ്ഥിതിയും ലോകമാകെ പ്രചരിച്ചുവരുന്ന സ്ഥിതിസമത്വസിദ്ധാന്തങ്ങളും ഈ പ്രശ്നത്തെ ഉത്തരോത്തരം കലുഷമാക്കുകയും ചെയ്യുന്നു. ഈ ചുററുപാടുകളിൽ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിന് ഒരു ഭാവിയുണ്ടോ എന്നുപോലും സംശയിക്കാവുന്നതാണ്. ഇതെല്ലാം വിഗണിച്ചുകൊണ്ട് ''ത്രിഭാഷാ പദ്ധതി'' ''പുതിയ ഗണിതം'', ''10+2+3 ഫോർമുല'' തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഇന്ത്യയിൽ നടക്കുന്ന വാദപ്രതിവാദം ഒരുതരം സ്വപ്നാടനത്തിൻെറ പ്രതീതിയാണ് ജനിപ്പിക്കുന്നത്. ഇതൊക്കെ കാണുകയും ഇന്നത്തെ മഹാദുഃഖങ്ങൾ അനുഭവിക്കുകയും ചെയ്യുമ്പോൾ, രാഷ്ട്രീയവും സാമ്പത്തികവുമായ രംഗങ്ങളിലെന്നപോലെ, വിദ്യാഭ്യാസ വിഷയത്തിലും നാം ഗാന്ധിജിയുടെനേർക്ക് പ്രത്യയപൂർവം തിരിയുന്നത് സ്വാഭാവികമാണ്. പക്ഷേ ഈ സന്ദർഭത്തിൽ അതിപ്രധാനമായ ഒരു വസ്തുത നാം വിസ്മരിക്കരുത്. ആത്മശക്തനായ ആ പുണ്യചരിതൻെറ സജീവമായ തേജഃപ്രസരം ഏററിട്ടുള്ളവർക്കു മാത്രമേ ഹൃദയത്തിൽ തട്ടുന്ന ഈ പ്രേരണ ഉണ്ടാവുകയുള്ളു. ഇന്നത്തെ ഭാരതീയരിൽ ഭൂരിപക്ഷം പേരും അദ്ദേഹത്തിൻെറ ആയുഷ്ക്കാലത്തിനുശേഷം ജനിച്ചവരാണ്. അവർക്ക് അദ്ദേഹത്തെപ്പററി കേട്ടുകേഴ്വിയിൽനിന്നുള്ള അറിവേയുള്ളൂ. മുപ്പതുവർഷമായി ഇന്ത്യയിലെ ഭരണകൂടം അദ്ദേഹത്തെ സമകാലീന ജീവിതത്തിൽ പ്രസക്തിയില്ലാത്ത വെറുമൊരു പുരാണപുരുഷനാക്കി മാററുവാൻ നിരന്തരം, ബോധപൂർവ്വം ശ്രമിക്കുകയും ചെയ്തു. അദ്ദേഹം പ്രചരിപ്പിച്ച ത്യാഗബുദ്ധിയെയല്ല, അദമ്യമായ ലോഭമോഹങ്ങളെയാണ് പിൽക്കാലത്തെ രാഷ്ട്രോദ്ധാരണ യത്നങ്ങൾ കത്തിക്കാളിച്ചത്. ഈ സാഹചര്യത്തിൽ ഗാന്ധിജിയുടെ ആദർശങ്ങളെയും നിർദ്ദേശങ്ങളെയും സ്വീകരിക്കുവാനെന്നല്ല, മനസ്സിലാക്കുവാൻതന്നെയും ഇന്ത്യയിലെ ഗ്രാമീണജനങ്ങൾക്കുപോലും കഴിവുണ്ടാകുമോ എന്നു ഞാൻ സംശയിക്കുന്നു. സ്കൂളിൽപോയി കൃഷിയും നെയ്ത്തും പഠിക്കണമെന്നു പറഞ്ഞാൽ നാട്ടിൻപുറത്തെ ബാലികാബാലൻമാരും ചിരിച്ചുപോകും. എട്ടും പത്തും വർഷം പുസ്തകം കരണ്ടതിനുശേഷം മററു ഗതിയില്ലാതെ വരുമ്പോൾ അവർ ആ തൊഴിലുകളിൽതന്നെ പ്രവേശിക്കുവാൻ സന്നദ്ധരായേക്കും. പക്ഷേ അതുവരെ സർക്കാർ ജോലിയിൽ പ്രവേശിച്ച് ആയാസമില്ലാതെ ജീവിക്കണമെന്നുള്ള അഭിലാഷം ആരും കൈവെടിയുകയില്ല.

Digitized by Kerala Sahitya Akademi

## ആദർശനായകന്റെ അഭാവം

ഇങ്ങനെ നോക്കിയാൽ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഗാന്ധിയൻ മാതൃകയിലുള്ള അഴിച്ചുപണിയൊന്നും നടത്തുവാൻ സാധിക്കുകയില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഭാരതീയരുടെ ജീവിതാദർശങ്ങൾക്ക് സമൂലമായ പരിവർത്തനം വന്നാൽ വിദ്യാഭ്യാസരീതിയും മാറും. വിദ്യാഭ്യാസത്തിലൂടെ ആ പരിവർത്തനം കൈവരുത്താമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഇരുന്നൂറു കൊല്ലത്തെ വിദേശീയ ഭരണം അവസാനിച്ചിട്ടുപോലും വിദ്യാഭ്യാസ സമ്പ്രദായത്തിൽ കാര്യമായ ഒരു മാററവും വരാത്ത രാജ്യമാണിത്. ഇന്ന് സമ്പൂർണ്ണവിപ്ലവമെന്നും സമഗ്രമായ വികസനമെന്നും മററുമുള്ള ആശയങ്ങൾ കേട്ടുതുടങ്ങിയിട്ടുണ്ടെങ്കിലും അവയ്ക്ക് എന്തുമാത്രം പിന്തുണ ലഭിക്കുമെന്നു കണ്ടുതന്നെ അറിയണം. ഗാന്ധിജിയുടെ മഹത്വവും ഉൾക്കാഴ്ചയും കർമ്മശേഷിയുമുള്ള ഒരു യുഗപുരുഷൻ വീണ്ടുമുണ്ടായാൽ, അദ്ദേഹം ഈ രാജ്യത്തെ ഭരണകൂടത്തെ മാത്രമല്ല. ലോകരാഷ്ട്രങ്ങളെത്തന്നെ ധിക്കരിച്ച്, തന്റെ ആദർശങ്ങളിൽ ഉറച്ചുനിന്ന്, ജനങ്ങളെ ആവേശഭരിതരാക്കി തന്റെ മാർഗ്ഗത്തിൽ സംഘടിപ്പിക്കുന്നതിനുള്ള ശക്തി നേടിയാൽ, ഒരുപക്ഷേ ഭാരതീയ ജീവിതത്തെ പരിവർത്തനം ചെയ്യുവാൻ സാധിച്ചേക്കും. നമുക്ക് സാർവലൗകിക മാതൃകകളെ അനുകരിക്കേണ്ട ആവശ്യമൊന്നുമില്ല. ഇന്ത്യതന്നെ ഒരു പൂർണ്ണ ലോകമാണെന്നു പറയാം. 1650-ൽ ഭൂമിയിൽ ആകെ ഉണ്ടായിരുന്നതിൽ കൂടുതൽ ജനങ്ങൾ ഇന്ന് ഇവിടെ ജീവിക്കുന്നു. വേണ്ടുവോളം വിഭവങ്ങളുമുണ്ട്. നമുക്ക് സ്വന്തവും സ്വതന്ത്രവുമായ ഒരു ജീവിത മാതൃക സ്വീകരിച്ചുകൂടായ്കയില്ല. ഒരു ഉദാഹരണം പറയാം. മാവോ-സേ-തൂങ്ങ് മരിക്കുന്നതുവരെ ചൈനയിലെ 80 കോടി ജനങ്ങൾ അവർക്ക് ഹിതമായ രീതിയിൽ ഒരു പ്രത്യേക ലോകമെന്നപോലെ, ജീവിക്കുവാൻ ശ്രമിക്കുകയും ആ പരീക്ഷണത്തിൽ സ്തുത്യർഹമായ വിജയം നേടുകയും ചെയ്തു. സ്വാർത്ഥ ബുദ്ധിയില്ലാതെ, ആശാപാശമററ, സമൂഹത്തിനുവേണ്ടി ജീവിക്കുകയും പ്രയത്നിക്കുകയും ചെയ്യുന്ന ഒരു പുതിയ തലമുറയെ അവർ വളർത്തിയെടുത്തുവത്രെ. മാവോസൂക്തങ്ങൾ ഉരുവിടുവിച്ചാണ് ഇതു സാധിച്ചതെന്നു പറയുന്നു. അവരുടെ പ്രത്യയശാസ്ത്രത്തെ അങ്ങേയററം വെറുക്കുന്നവർപോലും ഒരു മഹാത്ഭുതമായിട്ടാണ് ഇതിനെ വാഴ്ത്തിയത്. പക്ഷേ മാവോ മരിച്ചതിനുശേഷം അവിടെയും 'സാർവലൗകികം' തലപൊക്കിയിരിക്കുന്നു എന്നും കാററ് തിരിഞ്ഞുവീശുവാൻ തുടങ്ങിയിരിക്കുന്നുഎന്നും കേൾക്കുന്നു. എതിരാളികളുടെ പ്രചാരണമാണോ എന്ന് അറിഞ്ഞുകൂടാ. ഏതായാലും ഈ ഇരുപതാം നൂററാണ്ടിലും, ഏകലോകചിന്തയുടെ നടുവിലും, ഒരു വൻപിച്ച രാഷ്ട്രത്തിന് പാശ്ചാത്യരാജ്യക്കാരെ അനുകരിക്കാതെ തങ്ങൾക്ക് ഹിതമായ രീതിയിൽ ജീവിക്കാൻ സാധിക്കുമെന്ന് മാവോ തെളിയിച്ചു. അതുകൊണ്ട് ഇത് നടക്കാത്ത കാര്യമൊന്നുമല്ല.

## ജനാധിപത്യം ധനാധിപത്യത്തിലേക്ക്

തന്റെ മാതൃഭൂമിയെക്കുറിച്ച് ഗാന്ധിജിയുടെ സ്വപ്നവും ഇതുതന്നെ ആയിരുന്നു. നിർഭാഗ്യവശാൽ, സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ഈ രാജ്യത്തെ ബാധിച്ച സാർവലൗകിക ഭ്രാന്തിൽ ആ സ്വപ്നം മാത്രമല്ല, അതിന്റെ ഉപജ്ഞാതാവും ഉപേക്ഷിക്കപ്പെട്ടു. ഗാന്ധിശിഷ്യൻമാരെന്ന് അഭിമാനിച്ച ഭരണനായകൻമാരും, ജനാധിപത്യം ധനാധിപത്യത്തിലേക്കുള്ള കുറക്കുവഴിയാണെന്നു കരുതിയ ഉദ്യോഗസ്ഥവൃന്ദവും കണ്ണിൽചോരയില്ലാത്ത വ്യവസായ വാണിജ്യ ദുഷ്പ്രഭുക്കളും മാത്രമല്ല ഭാരതീയ ജനതയുടെ ഭാഗധേ



Digitized by Kerala Sahitya Akademi

യത്തെ പണയംവച്ചുകൊണ്ടുള്ള ഈ ചൂതുകളിയുടെ രസത്തിൽ മയങ്ങിപ്പോയത്. വിപ്ലവത്തിനുവേണ്ടിയുള്ള ആവേശത്തിൽ കലികയറിയ പ്രതിപക്ഷകക്ഷികളെയും ഈ മതിഭ്രമം ബാധിച്ചു. റഷ്യയിലും ചൈനയിലും നടന്ന രക്തപ്രളയവും മനുഷ്യാഹുതിയും മാത്രമാണ് വിപ്ലവമെന്നും അതുതന്നെയാണ് ഇന്ത്യയ്ക്കും വേണ്ടതെന്നും അവർ വിശ്വസിച്ചു. ഈ പക്ഷപ്രതിപക്ഷങ്ങൾ രണ്ടും വിദ്യാസമ്പന്നരും ആയിരുന്നു എന്നതാണ് ഏററവും വിചിത്രമായ വസ്തുത. ആധുനിക വിദ്യാഭ്യാസം കണ്ണുതെളിയുവാനാണോ, മനുഷ്യന് ജന്മസിദ്ധമായ ഉൾക്കാഴ്ചയെപ്പോലും മറയ്ക്കുവാനാണോ ഉപകരിക്കുന്നതെന്ന്, ഇതോർക്കുമ്പോൾ, സംശയിച്ചുപോകുന്നു. ഈ രണ്ടുകൂട്ടരെക്കൊണ്ടും ഇന്ത്യയിലെ മൂകലക്ഷങ്ങൾക്ക് മുപ്പതു വർഷം കഴിഞ്ഞിട്ടും മുക്തി ലഭിച്ചില്ല. അവരുടെ വേദനകൾ സ്വന്തം വേദനപോലെ അനുഭവിച്ചറിയുന്ന, ''പരസുഖമേ സുഖമെനിക്കു നിയതം; പരദു:ഖം ദു:ഖം'' എന്ന ആർഷസത്യം അനുഭൂതിയിൽ സാക്ഷാൽക്കരിച്ച ഒരു മനുഷ്യനും 'പുരോഗതിയുടേതായ' ഈ കാലഘട്ടത്തിൽ ഇന്ത്യയിലുണ്ടായില്ല. മത്സരത്തിൽ മുഴുകുവാനും ഒന്നാം സ്ഥാനം നേടുവാനും അങ്ങനെ സ്വന്തം ജീവിതം സുരക്ഷിതമാക്കുവാനും ഉള്ള പ്രേരണയാണ് വിദ്യാഭ്യാസത്തിലൂടെ നാം യുവമനസ്സുകളിൽ പ്രതിഷ്ഠിച്ചത്. ഈ ചരിത്ര വസ്തുതകളും ചുററുപാടുകളും ആലോചിക്കുമ്പോൾ ഭാരതീയ ജീവിതത്തിന് ആദർശപരവും സാംസ്കാരികവുമായ ഒരു സമൂല പരിവർത്തനം ഉണ്ടാകുന്നതുവരെ ഇവിടത്തെ വിദ്യാഭ്യാസവും, ഇത്രനാളും നടന്നതുപോലെ, രാജ്യത്തിനും സമൂഹത്തിനും കാര്യമായ പ്രയോജനമൊന്നും കൈവരുത്തുവാൻ കഴിയാത്തതും, ഏതാനും വ്യക്തികളുടെ ഗുണത്തിനുമാത്രം ഉതകുന്നതും, അത്യധികം വ്യയഹേതുകവും ഏറിയകൂറും വ്യർത്ഥവുമായ ഒരു ഔദ്യോഗികയത്നമായി തുടരുമെന്നുമാത്രമേ പ്രതീക്ഷിക്കുവാൻ കഴിയുന്നുള്ളു. ※

Digitized by Kerala Sahitya Akademi